# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2829 **21.06.2012** - ൽ മറുപടിയ്ക്ക്

## കിളിമാനൂർ സിവിൽ സ്റ്റേഷൻ

| ചോദ്യം<br>ശ്രീ. ബി. സത്യൻ | ഉത്തരം<br>ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
|---|---|
| എ) കിളിമാനൂരിലെ സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് പറയാമോ ; | എ) മൂന്ന് നിലകളിലായി പണിയുന്ന കിളിമാനൂർ മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ രണ്ടാം നിലയുടെ കോൺക്രീറ്റിംങ്ങ് പണികൾ പൂർത്തിയായിട്ടുണ്ട്. |
| ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ; | ബി) പ്രസ്തുത പ്രവൃത്തി 2012 ഡിസംബർ മാസത്തിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| സി) പ്രസ്തുത പ്രവൃത്തിയുടെ കരാർ നൽകിയിരിക്കുന്നത് ആരുടെ പേരിലാണ് ; | സി) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ആണ് പ്രസ്തുത പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിരിക്കുന്നത്. |
| ഡി) പ്രസ്തുത പ്രവൃത്തിക്കായി എത്ര രൂപയാണ് കരാർ ചെയ്യപ്പെട്ടിട്ടുള്ളത് ; | ഡി) പ്രസ്തുത പ്രവൃത്തി 5,20,86,954/- രൂപയ്ക്കാണ് കരാർ നൽകിയിട്ടുള്ളത്. |
| ഇ) ഇതുവരെ എത്ര രൂപയാണ് ഇതിനായി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ ? | ഇ) നാളിതുവരെ പ്രസ്തുത പ്രവൃത്തിയ്ക്കായി 1,65,27,450/- രൂപ നൽകിയിട്ടുണ്ട്. |

Majeed

**സെക്ഷൻ ഓഫീസർ**